LIBRARY ARCHIVES Kerala Legislative Assembly

അന്യസംസ്ഥാന തൊഴിലാളികൾ വൃത്തിഹീനമായ അന്തരീക്ഷത്തിൽ താമസിക്കുന്ന സാഹചര്യം

247 (955) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾ വൃത്തിഹീനമായ അന്തരീക്ഷത്തിലാണ് താമസിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മതിയായ താമസ സൗകര്യങ്ങൾ ഒരുക്കാതെ തൊഴിലാളികളെ താമസിപ്പിച്ച് പണിയെടുപ്പിക്കുന്ന കരാറുകർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്തർസംസ്ഥാന തൊഴിലാളികൾക്ക് ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് (RE&CS) ആക്ട് 1979, ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (RE&CS) ആക്ട് 1996 എന്നിവ പ്രകാരം ജോലി സ്ഥലത്തും അതിനോട് ചേർന്നുള്ള ക്യാമ്പുകളിലും പരിശോധനകൾ നടത്തിയിട്ടുണ്ട്. ചില സ്ഥലങ്ങളിൽ തൊഴിലാളികൾക്ക് മതിയായ സാനിട്ടേഷൻ സൗകര്യങ്ങൾ താമസസ്ഥലങ്ങളിൽ നൽകാത്തതും ഭക്ഷണ അവശിഷ്ടങ്ങളും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യാത്തതും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തൊഴിലുടമകൾക്ക് 'Work Prohibition Order' നൽകി നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

താൽക്കാലിക ജീവനക്കാർക്ക് ശമ്പളത്തോടുകൂടിയ പ്രസവാവധി

248 (956) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു വർഷത്തെ കാലയളവിനുള്ളിൽ 80 ദിവസത്തിൽ കുറയാതെ ജോലി ചെയ്തിട്ടുണ്ടെങ്കിൽ താൽക്കാലിക ജീവനക്കാർക്ക് ശമ്പളത്തോടുകൂടിയ പ്രസവാവധിക്ക് അർഹതയുണ്ട് എന്ന മനുഷ്യാവകാശ കമ്മീഷന്റെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിധി അനുസരിച്ചുള്ള ആനുകൂല്യം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിധിയുടെ പകർപ്പ് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. മാത്രമല്ല, മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട് 1961, സെക്ഷൻ (5) പ്രകാരം സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യം ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാരായ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ പരിശോധിച്ച് ഉറപ്പുവരുത്തുകയും, നിയമലംഘനങ്ങൾ കണ്ടെത്തുന്നപക്ഷം ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

കഞ്ചിക്കോട് വ്യവസായ മേഖലയിലെ തൊഴിലാളികൾ

249 (957) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ എത്ര സ്ഥാപനങ്ങൾ ഉണ്ട് ;

(ബി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങളിൽ എത്ര തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട് ; ഓരോ സ്ഥാപനത്തിലേയും പ്രത്യേകം പറയാമോ;

(സി) ഓരോ വ്യവസായ സ്ഥാപനത്തിലും സ്ത്രീത്തൊഴിലാളികൾ എത്ര , പുരുഷത്തൊഴിലാളികൾ എത്ര എന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളിൽ അന്യസംസ്ഥാനത്തൊഴിലാളികൾ ജോലി ചെയ്യുവരുന്നു ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) കഞ്ചിക്കോട് വ്യവസായമേഖലയിലെ തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനും, ജീവന്റെ സുരക്ഷയ്ക്കും വേണ്ടി ഏതെല്ലാം നിയമങ്ങൾ നടപ്പിലാക്കി വരുന്നുണ്ട് ; വിശദാംശം നൽകാമോ ;

(എഫ്) നിലവിലെ നിയമപ്രകാരം തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനായി എന്തെല്ലാം കരുതൽ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നുവെന്നു വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly